(ജി) ഗ്രാമീണ റോഡുകളുടെ നിർമ്മാണം പ്ലാനിംഗ് കമ്മീഷൻ പശ്ചിമഘട്ട വികസന പദ്ധതികളുടെ ആവിഷ്കരണത്തിനുവേണ്ടി നിശ്ചയിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ പരിധിക്കുള്ളിൽ ഉൾപ്പെടുന്നില്ല.

ഹരിജനക്ഷേമ വകുപ്പിൽനിന്നുള്ള സാമ്പത്തിക സഹായം കൊണ്ടു സ്ഥാപിക്കുന്ന വ്യവസായങ്ങൾ

468 [825] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഹരിജനക്ഷേമ വകുപ്പിൽനിന്നും സാമ്പത്തിക സഹായം നൽകിക്കൊണ്ട് എത്ര വ്യവസായങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വെളിപ്പെടുത്താമോ;

(ബി) ഈ വ്യവസായ സ്ഥാപനങ്ങളുടെ പേരും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിൻെറ പേരുമടങ്ങുന്ന പട്ടിക മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ, ബി) പട്ടികജാതിയിൽപ്പെട്ട തൊഴിൽ രഹിത വ്യവസായ സംരംഭകർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിൻെറ ഭാഗമായി ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ പരമാവധി 15,000 രൂപ വരെ ഹരിജന ക്ഷേമവകുപ്പിൽനിന്നും പലിശ രഹിത വ്യവസായ വായ്പയായി നൽകുന്ന ഒരു പദ്ധതി 84-85 വർഷാവസാനം വരെ നിലവിലുണ്ടായിരുന്നു. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം മേൽപറഞ്ഞ പദ്ധതിയനുസരിച്ച് സ്ഥാപിച്ച വ്യവസായ സ്ഥാപനങ്ങളുടെ പേരും സ്ഥാപിച്ച സ്ഥലത്തിൻെറ പേരും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പ്രാതിനിധ്യം

469 [826] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ ലിസ്റ്റിൽ നിന്നോ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴിയോ അല്ലാതെ നേരിട്ട് ഗവൺമെൻറ് ഉടമസ്ഥതയിലുള്ള കോർപ്പറേഷനുകളിലും കമ്പനികളിലും മാസശമ്പളത്തിനും ദിവസക്കൂലിക്കുമായി സ്ഥിരമായും താൽക്കാലികമായും ഒഴിവുകളിൽ നിയമനം നടത്തുമ്പോൾ ഹരിജൻ ഗിരിജൻ വിഭാഗത്തിന് മതിയായ പ്രാതിനിധ്യം ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വാട്ടർ ആൻറ് വേസ്റ്റ്വാട്ടർ അതോറിറ്റി, കേരള പ്രിമോപൈപ്പ് ഫാക്ടറി തുടങ്ങിയ സ്ഥാപനങ്ങളിലെ മാസശമ്പളത്തിനും ദിവസക്കൂലിക്കും നിശ്ചയിച്ച ജീവനക്കാരിൽ പട്ടിക

LIBRARY ARCHIVES Kerala Legislative Assembly